മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) & (ബി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കയാണ്.

ടൈബൽ അഡ്വൈസറി ബോർഡ്

* 71. [182] ശ്രീ. എം. രാമുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈബൽ അഡ്വൈസറിബോർഡ് സംഘടിപ്പിക്കാതിരിക്കുവാനുണ്ടായ കാരണമെന്താണ്;

(ബി) കേന്ദ്രടൈബൽ അഡ്വൈസറി ബോർഡിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ടൈബ് മെമ്പർ ആരാണ്?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) നിലവിലിരിക്കുന്ന പിന്നോക്കസമുദായോന്നമന ഉപദേശക സമിതി പട്ടിക ചർഗ്ഗക്കാരെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതുകൊണ്ട് സ്റ്റേറ്റ് ടൈബൽ അഡ്വൈസറി ബോർഡ് അടിയന്തിരമായി പുനഃസംഘടിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവണ്മെൻറു കരുതിയില്ല. സ്റ്റേറ്റ് ടൈബൽ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ ഗവണ്മെൻറിന്റെ സജീവപരിഗണനയിൽ ഇരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കേരളത്തിന്റെ നാലാം പഞ്ചവത്സരപദ്ധതി

* 72. [184] ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ നാലാം പഞ്ചവത്സരപദ്ധതിക്ക് അവസാനരൂപം നൽകി കഴിഞ്ഞോ;

(ബി) എങ്കിൽ പൊതുമേഖലാനിക്ഷേപത്തിന്റെ ആകെത്തുകയെത്ര;

(സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന വ്യവസായപദ്ധതികൾ ഏവ;

(ഡി) കാർഷികത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും ഏതെങ്കിലും പരിപാടി ഈ പദ്ധതിയിൽ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ ആകെത്തുകയെത്ര?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്)

(എ) ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

അഞ്ചാം ധനകാര്യകമ്മീഷൻ

* 73. [185] ശ്രീ. പി. കുട്ടിക്കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചാം ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി സംസ്ഥാന ധനകാര്യവകുപ്പിൽ രണ്ട് സെക്ഷനുകൾ രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധനകാര്യകമ്മീഷന്റെ ജോലിക്കും പൂർത്തിയായി കഴിഞ്ഞ സ്ഥിതിക്കു് ഈ സെക്ഷനുകളും നിർത്തലാക്കാതെ വീണ്ടും തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യങ്ങളുണ്ടോ ;

(സി) സാധാരണ സെക്ഷനുകളേക്കാൾ വളരെ ലഘുവായ ജോലിയും മാത്രമുള്ള ഈ രണ്ടു സെക്ഷനിലും പ്രവൃത്തി എടുക്കുന്നവർക്കു് വീണ്ടും നീട്ടിക്കൊടുത്ത കാലഘട്ടത്തിലേയ്ക്കു് 20 ശതമാനം സ്പെഷ്യൽ പേ നൽകിവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സംസ്ഥാനം സാമ്പത്തിക വൈഷമ്യം അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം അധികചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുമോ ;

(ഇ) മേൽ പറഞ്ഞ സെക്ഷനുകളിൽ പ്രവൃത്തി എടുക്കുന്നവർക്കു് സംസ്ഥാന ബഡ്ജറ്റു് തയ്യാറാക്കിയ കാലഘട്ടത്തിലേക്കു സ്പെഷ്യൽ പേയും, ഓണറേറിയവുമായി അടിസ്ഥാന ശമ്പളത്തിന്റെ 45 ശതമാനം നൽകിയതിനെ അക്കൗണ്ടന്റു് ജനറൽ ചോദ്യം ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ) ഉണ്ടായിരുന്നു.

(ബി) ശമ്പള പരിഷ്ക്കാര കമ്മീഷന്റെ ശുപാർശകളിൽ തീരുമാനങ്ങളെടുക്കാത്തവയേയും ഇക്കാര്യത്തിൽ ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽനിന്നും ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളേയും സംബന്ധിച്ച മേൽ നടപടികളും എടുക്കുന്നതിനും ടാക്സേഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും പരിശോധിച്ചു തൽസംബന്ധമായ കാര്യങ്ങളും വേണ്ടതുപോലെ നടപ്പിലാക്കുന്നതിനും, നാലാം പദ്ധതിക്കാലത്തേക്കും സംസ്ഥാന ഗവണ്മെന്റിന്റെ ധനവിഭവങ്ങളെ സംബന്ധിച്ചു പുതുക്കിയ എസ്റ്റിമേറുകളും തയ്യാറാക്കുന്നതിനുംവേണ്ടി ഈ രണ്ടു് സെക്ഷനുകളും തുടരേണ്ടതുണ്ടെന്നു ബോദ്ധ്യം വന്നതിനാൽ 1-8-1969 മുതൽ 6 മാസത്തേക്കു അവ തുടരുവാൻ ഉത്തരവായിട്ടുണ്ടു്.

(സി) സാധാരണഗതിയിൽ മൂന്നു സെക്ഷനുകളായി ചെയ്യേണ്ടതിക്കേണ്ട ഈ ജോലികളും ഭാരമേറിയ ആകയാൽ പ്രസ്തുത സെക്ഷനുകളിലെ ജീവനക്കാർ ആഫീസു സമയം കഴിഞ്ഞു് ഒഴിവു ദിവസങ്ങളിലും പണി എടുക്കേണ്ടതുണ്ടു്. അവർക്കു് അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം സ്പെഷ്യൽ പേ അനുവദിച്ചതു് അതിനാലാണു്.

(ഡി) മേൽപ്രകാരം സ്പെഷ്യൽ പേ അനുവദിച്ചിട്ടുള്ളതു് ഒഴിവാക്കാവുന്ന അധികച്ചെലവാണെന്ന ഗവണ്മെന്റിനു അഭിപ്രായമില്ല.

(ഇ) സ്പെഷ്യൽപേയും, ഓണറേറിയവുമായി ശമ്പളത്തിന്റെ 45% നൽകിയ ഗവണ്മെന്റു് ഉത്തരവു് പുനഃപരിശോധിക്കാൻ താൽപ്പര്യപ്പെടുകമാത്രമാണുണ്ടായതു്. പുനഃപരിശോധന നടത്തിയശേഷം ഗവണ്മെന്റു് ഉത്തരവു ഭേദപ്പെടുത്തേണ്ടതില്ലെന്നു് അക്കൗണ്ടന്റു് ജനറലിനു് മറുപടി നൽകി. അക്കൗണ്ടന്റു് ജനറൽ അതു് സമ്മതിക്കുകയും ചെയ്തു.

ലോട്ടറി

* 74. [186] ശ്രീ. ജി. ഗോപിനാഥൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ മേയ്, ജൂൺ എന്നീ മാസങ്ങളിലെ സക്കാർ ലോട്ടറികളിൽനിന്നും എത്ര ആദായം കിട്ടിയിട്ടുണ്ടു് ;

(ബി) മുൻമാസങ്ങളെ അപേക്ഷിച്ചു് ആദായം കൂടുതലാണോ കുറവാണോ ;

(സി) സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഏജൻസിമാർ പ്രവർത്തിക്കുന്നുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly